കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഡിസംബർ

## 2020



## പ്രൈസസ് വിഭാഗം


**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്**

**(DEPARTMENT OF ECONOMICS AND STATISTICS)**

**തിരുവനന്തപുരം**

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

**സന്ദേശം**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

12-02-2021 **ഡയറക്ടർ**

## ആമുഖം

പൊതുവെ വിലക്കുറവിന്റെ ഒരു മാസമാണ് കടന്നുപോയത്. കഴിഞ്ഞ കുറെ മാസങ്ങളായി വില വർദ്ധനവ് അനുഭവപ്പെട്ട പ്രധാനപ്പെട്ട ചില ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ അവലോകന മാസമായ ഡിസംബറിൽ കുറവുണ്ടായി .ഉഴുന്ന് പരിപ്പ് ,തുവരപ്പരിപ്പ്, സവാള,ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ, വിലക്കുറവിനുള്ള പ്രവണത പ്രകടമായിരുന്നു.

അരിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിലേത് പോലെത്തന്നെ നേരിയ വിലക്കുറവോടെ തുടർന്നു . നിലവിലുള്ള സാഹചര്യത്തിൽ അടുത്ത മാസങ്ങളിലും വില വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

ജനുവരി 1 ,2021 ലെ കണക്ക് പ്രകാരം ഇന്ത്യയിലെ മൊത്തം അരി സംഭരണം 327.20 ലക്ഷം മെട്രിക് ടൺ എത്തിയിട്ടുണ്ട്.ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 65.52 ലക്ഷം മെട്രിക് ടൺ കൂടുതലാണ് .പഞ്ചാബിൽ നിന്നാണ് ഏറ്റവും കൂടുതൽ അരി സംഭരിച്ചത് 135.86 ലക്ഷം ടൺ. നിലവിലുള്ള സ്ഥിതി വിലയിരുത്തുമ്പോൾ ഈ വർഷവും റെക്കോർഡ് സംഭരണം പ്രതീക്ഷിക്കുന്നു.

പയർ വർഗ്ഗങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെ വിലയിലും നേരിയ കുറവ് അനുഭവപ്പെട്ടു . ജനുവരി- ഫെബ്രുവരി മാസത്തോടെ പയർ വർഗ്ഗങ്ങളിൽ പുതിയ വിള വിപണിയിൽ എത്തുന്നതോടെ വിലയിൽ വീണ്ടും കുറവുണ്ടാവാൻ ഇടയുണ്ട്.

ഭക്ഷ്യ എണ്ണകളുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ വർദ്ധനവ് നേരിയ തോതിൽ തുടർന്നു. കോവിഡ് പ്രതിസന്ധിയെ തുടർന്ന് അന്താരാഷ്ട്ര വിപണിയിൽ ഭക്ഷ്യ എണ്ണകളുടെ ഉത്പാദനത്തിൽ ഉണ്ടായ കുറവാണു നിലവിലുള്ള വിലക്കയറ്റത്തിന് കാരണമെന്നാണ് ലഭിക്കുന്ന സൂചന.

പച്ചക്കറികളുടെ വിലയിൽ പൊതുവെ കുറവ് അനുഭവപ്പെട്ടു കഴിഞ്ഞ മാസങ്ങളിൽ വില വർദ്ധനവ് അനുഭവപ്പെട്ടിരുന്ന സവാള ,ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ അവലോകന മാസത്തിൽ കാര്യമായ കുറവ് അനുഭവപ്പെട്ടു. പുതിയ വിളകൾ വിപണിയിൽ വരുന്നതോടെ ഇവയുടെ വിലയിൽ വരും മാസങ്ങളിൽ വിലക്കുറവുണ്ടാവാൻ ഇടയുണ്ട്.

കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ റിപ്പോർട്ട് പ്രകാരം ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള വടക്ക് കിഴക്കൻ കാലവർഷക്കാലത്ത് ഈ സീസണിൽ തെക്കേ ഇന്ത്യയിൽ 15 ശതമാനം അധിക മഴ ലഭിച്ചപ്പോൾ മദ്ധ്യേന്ത്യയിൽ 12 ശതമാനം അധിക മഴ ലഭിച്ചു .മറ്റ് പ്രദേശങ്ങളിൽ സാധാരണയിലും കുറവ് മഴ ലഭിച്ചു.

വടക്കു കിഴക്കൻ മൺസൂൺ കാലത്ത് കേരളത്തിൽ 25.7 ശതമാനത്തിന്റെ മഴക്കുറവുണ്ടായി. കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ സാധാരണ ലഭിക്കുന്ന മഴയെക്കാളും കുറവാണു ഈ സീസണിൽ ലഭിച്ചത്.ഏറ്റവും കൂടുതൽ മഴക്കുറവുണ്ടായത് മലപ്പുറം ജില്ലയിലാണ് 58 ശതമാനം .വേനൽ മഴ കാര്യമായി ലഭിച്ചില്ലെങ്കിൽ കേരളത്തെ കാത്തിരിക്കുന്നത് കടുത്ത വരൾച്ചയായിരിക്കും. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിൽ നല്ലതോതിലുള്ള വേനൽ മഴ ലഭിച്ചുവരുന്നുണ്ട് ഈ വർഷവും നല്ല തോതിൽ വേനൽ മഴ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജനുവരി 1 ലെ കണക്ക് പ്രകാരം ഇന്ത്യയിലെ മൊത്തം കാർഷിക വിസ്തൃതി കഴിഞ്ഞവർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്നതിനേക്കാൾ 17.56 ലക്ഷം ഹെക്ടർ കൂടുതലാണ്.

റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ മൊത്തം പയർ വർഗ്ഗങ്ങളിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 6.90 ലക്ഷം ഹെക്ടറിന്റെ അധിക വിസ്തൃതി കാണിക്കുന്നു. കടലയുടെ കാർഷിക വിസ്തൃതി കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 5.77 ലക്ഷം ഹെക്ടർ വർദ്ധിച്ചിട്ടുണ്ട്. ബാക്കി ഇനങ്ങൾ ഏതാണ്ട് കഴിഞ്ഞ വർഷത്തെ അതെ നില തന്നെ തുടരുന്നു.

അവലോകനമാസമായ ഡിസംബറിൽ ഏറ്റവും കൂടുതൽ വിലക്കയറ്റം അനുഭവപ്പെട്ടത്. സ്റ്റീലിന്റെ വിലയിലാണ് രണ്ട് ഘട്ടങ്ങളിലായി ടണ്ണിന് ഏതാണ്ട് 4000 രൂപയുടെ വർദ്ധനവാണ് ഡിസംബർ മാസത്തിൽ ഉണ്ടായിട്ടുള്ളത്. ഡിമാൻറ് വർദ്ധിച്ചതും .ഇരുമ്പ് അയിരിന്റെ വിലയിൽ ഉണ്ടായ വർദ്ധനവുമാണ് സ്റ്റീലിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ കാരണമെന്നാണ് ലഭിക്കുന്ന സൂചന. സ്റ്റീലിന്റെ വില വർദ്ധനവ് ഇലക്ട്രോണിക് ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഉത്പന്നങ്ങളുടെ വിലയേയും സ്വാധീനിക്കാവുന്നതാണ്.


അവലോകന മാസം അവസാനിക്കുമ്പോൾ കുതിച്ചുയരുന്ന പെട്രോളിയം ഉത്പന്നങ്ങളുടെ വില വിപണിയിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിന് കരണമാവുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ്.

## I. ധാന്യങ്ങൾ

അവലോകനമാസമായ ഡിസംബറിൽ അരിയുടെ വിലയിൽ വർദ്ധനവില്ലാതെ കടന്നു പോയി മിക്ക അരി ഇനങ്ങൾക്കും നേരിയ ഒരു കുറവ് അനുഭവപ്പെട്ടു നിലവിലുള്ള അരിയുടെ സംഭരണ നിലയും എഫ് സി ഐ യുടെ പക്കലുള്ള സ്റ്റോക്ക് നിലയും പരിഗണിക്കുമ്പോൾ വരും മാസങ്ങളിലും അരിയുടെ വിലയിൽ, നിലവിലുള്ള സാഹചര്യം തുടർന്നാൽ വർദ്ധനവിനുള്ള സാഹചര്യം നില നിലനിൽക്കുന്നില്ലെങ്കിലും പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനവ് ആശങ്ക ഉയർത്തുന്നുണ്ട്.

കഴിഞ്ഞ മാസത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചമ്പ അരിയുടെ വില ഒഴിച്ച് മറ്റിനങ്ങളുടെ വിലയിൽ നേരിയ കുറവ് ശ്രദ്ധയിൽപ്പെട്ടു.കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മട്ട അരിയുടെ വിലയിൽ ഏതാണ്ട് 9 ശതമാനവും റോസ് അരിയുടെ വിലയിൽ ഏതാണ്ട് 6 ശതമാനത്തിന്റെയും വിലക്കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.66 | 37.64 | 37.09 | -1.46 | -8.78 |
| 2 | ചമ്പ | കിലോഗ്രാം | 39.63 | 40.00 | 40.00 | 0.00 | 0.93 |
| 3 | റോസ് | കിലോഗ്രാം | 41.88 | 39.94 | 39.33 | -1.53 | -6.09 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.63 | 36.16 | 35.96 | -0.55 | -4.44 |
| 5 | ജയ | കിലോഗ്രാം | 37.92 | 38.04 | 37.90 | -0.37 | -0.05 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.98 | 34.92 | 35.21 | 0.83 | -2.14 |




## II.പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വിലയിൽ തുടർച്ചയായ വർദ്ധനവിന് ശേഷം വിലയിൽ നേരിയ കുറവ് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.പ്രത്യേകിച്ച് കഴിഞ്ഞ മാസങ്ങളിൽ വർദ്ധനവുണ്ടായ തുവരപ്പരിപ്പ്, ഉഴുന്ന്പരിപ്പ് എന്നിവയുടെ വിലയിൽ എല്ലാ ജില്ലകളിലും കുറവുണ്ടായി തുടങ്ങിയിട്ടുണ്ട്.

വിപണികളിൽ പയർ വർഗ്ഗങ്ങൾ പുതിയ വിളകൾ കൂടുതലായി എത്തിതുടങ്ങയിട്ടുണ്ട്.ഉത്തരേത്യൻ സംസ്ഥാങ്ങളിൽ വിളവെടുപ്പ് ആരംഭിച്ചതോടെ, വിപണികളിൽ കൂടുതലായി പയർ വർഗ്ഗങ്ങൾ എത്തിത്തുടങ്ങിയിട്ടുണ്ടെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന വിവരം. അതോടൊപ്പം തന്നെ മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ചെയ്ത ഇനങ്ങളും വിപണിയിൽ ലഭ്യമാണ് . ജനുവരിയോടുകൂടി വിലയിൽ വീണ്ടും കുറവുണ്ടാവാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന വിവരം.. എങ്കിലും വലിയ തോതിലുള്ള ഒരു വിലക്കുറവിന് പെട്ടെന്ന് സാധ്യത കാണുന്നില്ല.

.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 98.98 | 115.57 | 115.07 | -0.43 | 16.26 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 103.63 | 119.84 | 119.12 | -0.60 | 14.95 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 128.58 | 127.33 | 126.15 | -0.93 | -1.89 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.55 | 124.41 | 124.30 | -0.09 | 1.43 |
| 5 | വൻപയർ | കിലോഗ്രാം | 82.39 | 78.98 | 79.46 | 0.61 | -3.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.96 | 118.66 | 115.05 | -3.04 | 16.26 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.86 | 83.38 | 83.30 | -0.10 | 6.99 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.00 | 72.90 | 72.40 | -0.69 | -0.82 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 70.38 | 84.48 | 85.45 | 1.15 | 21.41 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.71 | 87.62 | 87.38 | -0.27 | 20.18 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ


അവലോകനമാസമായ ഡിസംബറിൽ ഇറച്ചിക്കോഴി,കോഴിമുട്ട എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ പൊതുവെ സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് കാണപ്പെട്ടത്.അതെ സമയം പല ജില്ലകളിലും പക്ഷിപ്പനി സ്ഥിരീകരിക്കപ്പെട്ടതിനാൽ ഇറച്ചിക്കോഴി,കോഴിമുട്ട എന്നിവയുടെ വിപണിയിൽ പൊതുവെ ഒരു മാന്ദ്യം ദൃശ്യമായിരുന്നു

കഴിഞ്ഞ മാസങ്ങളിൽ വർദ്ധിച്ചിരുന്ന കോഴിമുട്ടയുടെ വിലയിൽ കുറവുണ്ടായി തുടങ്ങിയിട്ടുണ്ട്. ഇറച്ചിക്കോഴിയുടെ വിലയിലും കുറവുണ്ടായിട്ടുണ്ട്. ജനുവരിയിലും ഈ വിലക്കുറവ് തുടരാൻ ഇടയുണ്ടെന്നാണ് നിലവിലുള്ള സ്ഥിതി സൂചിപ്പിക്കുന്നത്.

കഴിഞ്ഞ കുറെ മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന തേയിലയുടെ വിലയിൽ നേരിയ തോതിലുള്ള കുറവുണ്ടായിട്ടുണ്ട്.ജനുവരിയിലും ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത.

ശർക്കരയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.ജനുവരിയിലും നേരിയ വർദ്ധനവോടെ തുടരാനാണ് സാധ്യത എന്നാണ് ലഭിക്കുന്ന സൂചന.പഞ്ചസാരയുടെ വിലയിൽ ജനുവരിയിലും കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.52 | 38.48 | 38.19 | -0.75 | -0.86 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 165.13 | 168.96 | 170.76 | 1.07 | 3.41 |
| 3 | ശർക്കര | കിലോഗ്രാം | 58.68 | 55.30 | 55.91 | 1.10 | -4.72 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.57 | 63.29 | 63.14 | -0.24 | 4.24 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 589.20 | 646.43 | 648.21 | 0.28 | 10.02 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 105.33 | 124.29 | 113.12 | -8.99 | 7.40 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.29 | 150.13 | 151.30 | 0.78 | 2.03 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.23 | 163.62 | 0.24 | -0.23 |




## IV._എണ്ണയും എണ്ണക്കുരുക്കളും

കഴിഞ്ഞ ഏതാനും മാസങ്ങളായി വിപണിയിൽ ഭക്ഷ്യ എണ്ണയുടെ വിലയിൽ തുടർച്ചയായ വർദ്ധനവ് ദൃശ്യമാണ് . കോവിഡ് രോഗബാധയും അതുവഴി ഉണ്ടായ നിയന്ത്രണങ്ങളെത്തുടർന്ന് ആഗോള തലത്തിൽ തന്നെ ഉത്പാദനത്തിൽ ഉണ്ടായ കുറവും വിപണനത്തിൽ ഉണ്ടായ തടസങ്ങളും വിപണി വിലയിൽ ആഗോളതലത്തിൽ തന്നെ പ്രതിഫലിച്ചിട്ടുണ്ട്.ഇതിന്റെ പ്രതിഫലനമാണ് കേരളത്തിലും ഭക്ഷ്യ എണ്ണകളും വിലയിലും ഉണ്ടായിട്ടുള്ളത്. തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിലും ഈ വർദ്ധനവ് പ്രകടമായിരുന്നു.

സാധാരണയായി ശബരി മല സീസണിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് പ്രകടമാവാറുണ്ടെങ്കിലും ഇത്തവണ അന്താരാഷ്ട്ര വിപണിയിലെ ഭക്ഷ്യ എണ്ണകളും വിലക്കയറ്റമാണ് വെളിച്ചെണ്ണയുടെ വില വർദ്ധനവിനെയും സ്വാധീനിച്ചിട്ടുള്ളതെന്നാണ് ലഭിക്കുന്ന സൂചന. ജനുവരിയോടെ വിലയിൽ നേരിയ കുറവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **185.82** | **210.64** | **221.76** | **5.28** | **19.34** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **157.75** | **167.50** | **169.00** | **0.90** | **7.13** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **101.58** | **123.19** | **127.60** | **3.58** | **25.62** |
| 4 | നല്ലെണ്ണ | ലിററർ | **205.75** | **190.18** | **189.02** | **-0.61** | **-8.13** |
| 5 | കടുക് എണ്ണ | ലിററർ | **132.50** | **145.00** | **146.25** | **0.86** | **10.38** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **98.93** | **114.13** | **119.35** | **4.57** | **20.64** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **101.61** | **124.96** | **128.66** | **2.96** | **26.62** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **188.57** | **226.91** | **238.15** | **4.95** | **26.29** |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

സുഗന്ധ വ്യഞ്ജനങ്ങളിൽ കാര്യമായ വർദ്ധനവിനുള്ള പ്രവണത ഒരു ഇനങ്ങളിലും ദൃശ്യമായില്ല. കഴിഞ്ഞ മാസങ്ങളിൽ വർദ്ധനവ് ഉണ്ടായിരുന്ന ഉള്ളിയുടെ വിലയിൽ അവലോകനമാസത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. വിപണിയിൽ ഉള്ളിയുടെ വരവ് വർദ്ധിച്ചിട്ടുണ്ടെന്നാണ് ലഭിക്കുന്ന വിവരം അടുത്ത മാസങ്ങളിലും കാര്യമായ വർദ്ധനവിനുള്ള സാഹചര്യം നിലനിൽക്കുന്നില്ല എന്നാണ് ലഭിക്കുന്ന സൂചനകൾ .വെളുത്തുള്ളിയുടെ വിലയിലും നേരിയ കുറവുണ്ടായിട്ടുണ്ട്. ജനുവരിയിലും ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത എന്നാണ് ലഭിക്കുന്ന വിവരം.

കുരുമുളകിന്റെ വില ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ് ജനുവരിയിലും ഏതാണ്ട് ഇതേ നില തന്നെ തുടരാനാണ് സാധ്യത. വറ്റൽ മുളകിന്റെ വിലയിൽ നേരിയ വിലക്കുറവുണ്ടായി ആന്ധ്രാപ്രദേശ് ,തെലുങ്കാന സംസ്ഥാനങ്ങളിൽ ഡിസംബറോടെ വറ്റൽ മുളകിന്റെ പുതിയ വിളകൾ എത്തിത്തുടങ്ങിയിട്ടുണ്ടെന്നാണ് ലഭിക്കുന്ന വിവരം ജനുവരിയോടെ വിപണി കൂടുതൽ സജീവമാവുന്നതോടെ വിലയിൽ കുറവുണ്ടാവാൻ സാധ്യത ഉണ്ട്.


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **100.70** | **99.70** | **99.36** | **-0.34** | **-1.33** |
| 2 | മുളക് | കിലോഗ്രാം | **190.04** | **195.54** | **191.92** | **-1.85** | **0.99** |
| 3 | ഉള്ളി | കിലോഗ്രാം | **158.57** | **102.45** | **87.29** | **-14.80** | **-44.95** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **148.30** | **169.02** | **168.06** | **-0.57** | **13.32** |
| 5 | ജീരകം | 100 ഗ്രാം | **29.86** | **30.00** | **29.96** | **-0.13** | **0.33** |
| 6 | കടുക് | 100 ഗ്രാം | **9.50** | **10.07** | **10.10** | **0.30** | **6.32** |
| 7 | ഉലുവ | 100 ഗ്രാം | **9.93** | **10.48** | **10.57** | **0.86** | **6.45** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.79** | **18.82** | **18.83** | **0.05** | **0.21** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **21.05** | **15.63** | **14.89** | **-4.73** | **-29.26** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **405.10** | **382.12** | **382.98** | **0.23** | **-5.46** |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഡിസംബറിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ വിലക്കുറവുണ്ടായി.കഴിഞ്ഞ ഏതാനും മാസങ്ങളായി വില വർദ്ധനവ് നിലനിന്നിരുന്ന ഉരുളക്കിഴങ്ങിന്റെ വിലയിൽ കാര്യമായ വിലക്കുറവുണ്ടായി.ജനുവരിയിലും വിലയിൽ കുറവുണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം . പുതിയ വിളകൾ വിപണിയിൽ എത്തുന്നതോടെ വിലയിൽ വീണ്ടും വിലക്കുറവിനു സാധ്യതയുണ്ട്. .ബീറ്റ്റൂട്ട് ,കാരറ്റ് എന്നിവയുടെ വിലയിൽ കാര്യമായ വിലക്കുറവുണ്ടായി


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 31.59 | 32.45 | 31.14 | -4.04 | -1.42 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 27.17 | 24.20 | 23.28 | -3.80 | -14.32 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 38.61 | 55.25 | 50.08 | -9.36 | 29.71 |
| 4 | ചേമ്പ് | കിലോഗ്രാം | 51.55 | 48.44 | 46.20 | -4.62 | -10.38 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 52.46 | 45.84 | 39.32 | -14.22 | -25.05 |
| 6 | കാരററ് | കിലോഗ്രാം | 64.14 | 74.52 | 58.83 | -21.05 | -8.28 |



## VII.പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളുടെ വിലയിൽ പൊതുവെ വിലക്കുറവ് അനുഭവപ്പെട്ടു.എന്നാൽ വെണ്ടയ്ക്ക, വെള്ളരിക്ക എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായി .കഴിഞ്ഞ ഏതാനും മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന സവാളയുടെ വിലയിൽ കാര്യമായ വിലക്കുറവുണ്ടായി വരും മാസങ്ങളിലും വില വർദ്ധനവിന് സാധ്യത കാണുന്നില്ല.ഫെബ്രുവരി അവസാനത്തോടെ വീണ്ടും വിലക്കുറവുണ്ടാവാൻ ഇടയുണ്ട്. കാബേജ്, ഏത്തയ്ക്ക, പാവയ്ക്ക, മത്തങ്ങ എന്നിവയുടെ വിലയിലും അവലോകനമാസത്തിൽ കുറവുണ്ടായി.പച്ചക്കറികളുടെ വിലയിൽ പൊതുവെ പ്രാദേശികമായ ലഭ്യതയ്ക്കനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ അവലോകനമാസത്തിലും ദൃശ്യമായി.


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 128.48 | 65.79 | 43.23 | -34.29 | -66.35 |
| 2 | വഴുതന | കിലോഗ്രാം | 42.09 | 35.05 | 36.06 | 2.88 | -14.33 |
| 3 | മത്തങ്ങ | കിലോഗ്രാം | 25.82 | 24.59 | 21.99 | -10.57 | -14.83 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 25.05 | 22.75 | 24.62 | 8.22 | -1.72 |
| 5 | വെണ്ടക്ക | കിലോഗ്രാം | 41.41 | 30.77 | 37.09 | 20.54 | -10.43 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 53.02 | 40.73 | 43.82 | 7.59 | -17.35 |
| 7 | വള്ളിപയർ | കിലോഗ്രാം | 54.88 | 43.94 | 45.99 | 4.67 | -16.20 |
| 8 | കാബേജ് | കിലോഗ്രാം | 37.39 | 43.21 | 31.82 | -26.36 | -14.90 |
| 9 | പാവയ്ക്ക | കിലോഗ്രാം | 51.18 | 50.34 | 44.11 | -12.38 | -13.81 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.55 | 21.02 | 19.92 | -5.23 | -27.70 |
| 11 | പടവലങ്ങ | കിലോഗ്രാം | 36.75 | 36.25 | 32.97 | -9.05 | -10.29 |
| 12 | തക്കാളി | കിലോഗ്രാം | 29.64 | 27.57 | 27.90 | 1.20 | -5.87 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.46 | 5.86 | 5.40 | -7.85 | -1.10 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 39.61 | 31.59 | 27.61 | -12.60 | -30.30 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.57 | 29.34 | 28.60 | -2.52 | -19.60 |



## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ മാതളം ഒഴികെയുള്ള ഇനങ്ങളിൽ അവലോകനമാസമായ ഡിസംബറിൽ വിലക്കുറവുണ്ടായി. മാതളത്തിന്റെ വില പല ജില്ലകളിലും 200 രൂപയിൽ അധികമായി വർദ്ധിച്ചു. മാതളത്തിന്റെ വിലയിൽ കഴിഞ്ഞവർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്നതിന്റെ ഏതാണ്ട് ഇരട്ടിയോളമാണ് വില വർദ്ധിച്ചിരിക്കുന്നത്, നിലവിലുള്ള സാഹചര്യത്തിൽ ഈ വർദ്ധനവ് ജനുവരിയിലും തുടരാനാണ് സാധ്യത..സീസൺ ആയതിനാൽ ഓറഞ്ചിന്റെ വിലയിൽ കുറവുണ്ടായി ജനുവരിയിലും ഈ വിലക്കുറവ് തുടരാൻ ഇടയുണ്ട്. വാഴപ്പഴങ്ങളുടെ വിലയിലും കുറവുണ്ടായി, ഏത്തപ്പഴത്തിന്റെ വിലയിൽ കാര്യമായ വിലക്കുറവ് ഉണ്ടായി.


| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 67.50 | 49.23 | 45.38 | -7.82 | -32.77 |
| 2 | മുസമ്പി | കിലോഗ്രാം | 81.76 | 76.02 | 75.19 | -1.09 | -8.04 |
| 3 | മാതളം | കിലോഗ്രാം | 102.08 | 146.04 | 194.90 | 33.46 | 90.93 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 117.78 | 132.78 | 135.30 | 1.90 | 14.88 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 47.93 | 38.59 | 35.78 | -7.28 | -25.35 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.52 | 28.09 | 27.13 | -3.42 | -11.11 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 45.68 | 59.32 | 57.23 | -3.52 | 25.28 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.13 | 50.19 | 49.90 | -0.58 | 1.57 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 30.70 | 27.82 | 27.36 | -1.65 | -10.88 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 113.33 | 125.83 | 122.00 | -3.04 | 7.65 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 29.89 | 21.96 | 18.07 | -17.71 | -39.54 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 78.51 | 101.67 | 99.29 | -2.34 | 26.47 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 65.00 | 74.63 | 70.00 | -6.20 | 7.69 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

സിമന്റിന്റെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിർത്തുമ്പോഴും സ്റ്റീലിന്റെ വിലയിൽ വൻ വർദ്ധനവാണ് അവലോകനമാസമായ ഡിസംബറിൽ ഉണ്ടായത്, ആദ്യ ആഴ്ചയിൽ ടണ്ണിന് 2500 വർദ്ധിച്ച വില പിന്നീട് ടണ്ണിന് 1500 രൂപ കൂടി വർദ്ധിച്ച്.ഇരുമ്പ് അയിരിന്റെ ഉയർന്ന വിലയും ഉയർന്ന ആഭ്യന്തര ഡിമാന്റും വില വർദ്ധനവിന് കരണമായെന്നാണ് ലഭിക്കുന്ന സൂചന. സ്റ്റീലിന്റെ വിലക്കയറ്റം ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിലേക്കും നയിക്കാൻ സാധ്യതയുണ്ട്. കേരളത്തിൽ സ്റ്റീലിന്റെ വില കിലോഗ്രാമിന് മിക്ക ജില്ലകളിലും ഏതാണ്ട് 70 രൂപവരെ എത്തിയിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **21.29** | **21.29** | **0.00** | **6.45** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **24.61** | **25.86** | **25.77** | **-0.35** | **4.71** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **515.25** | **517.00** | **0.34** | **4.44** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **387.88** | **445.95** | **438.19** | **-1.74** | **12.97** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **382.57** | **440.07** | **432.21** | **-1.79** | **12.98** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **47.22** | **52.60** | **57.46** | **9.24** | **21.69** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.66 | 37.64 | 37.09 | -1.46 | -8.78 |
| 2 | ചമ്പ | കിലോഗ്രാം | 39.63 | 40.00 | 40.00 | 0.00 | 0.93 |
| 3 | റോസ് | കിലോഗ്രാം | 41.88 | 39.94 | 39.33 | -1.53 | -6.09 |
| 4 | ആന്ധ്രാ വെള്ള | കിലോഗ്രാം | 37.63 | 36.16 | 35.96 | -0.55 | -4.44 |
| 5 | ജയ | കിലോഗ്രാം | 37.92 | 38.04 | 37.90 | -0.37 | -0.05 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.98 | 34.92 | 35.21 | 0.83 | -2.14 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 98.98 | 115.57 | 115.07 | -0.43 | 16.26 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 103.63 | 119.84 | 119.12 | -0.60 | 14.95 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 128.58 | 127.33 | 126.15 | -0.93 | -1.89 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.55 | 124.41 | 124.30 | -0.09 | 1.43 |
| 5 | വൻപയർ | കിലോഗ്രാം | 82.39 | 78.98 | 79.46 | 0.61 | -3.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.96 | 118.66 | 115.05 | -3.04 | 16.26 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.86 | 83.38 | 83.30 | -0.10 | 6.99 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.00 | 72.90 | 72.40 | -0.69 | -0.82 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 70.38 | 84.48 | 85.45 | 1.15 | 21.41 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.71 | 87.62 | 87.38 | -0.27 | 20.18 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.52 | 38.48 | 38.19 | -0.75 | -0.86 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 165.13 | 168.96 | 170.76 | 1.07 | 3.41 |
| 3 | ശർക്കര | കിലോഗ്രാം | 58.68 | 55.30 | 55.91 | 1.10 | -4.72 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.57 | 63.29 | 63.14 | -0.24 | 4.24 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 589.20 | 646.43 | 648.21 | 0.28 | 10.02 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 105.33 | 124.29 | 113.12 | -8.99 | 7.40 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.29 | 150.13 | 151.30 | 0.78 | 2.03 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.23 | 163.62 | 0.24 | -0.23 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 185.82 | 210.64 | 221.76 | 5.28 | 19.34 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 157.75 | 167.50 | 169.00 | 0.90 | 7.13 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 101.58 | 123.19 | 127.60 | 3.58 | 25.62 |
| 4 | നല്ലെണ്ണ | ലിററർ | 205.75 | 190.18 | 189.02 | -0.61 | -8.13 |
| 5 | കടുക് എണ്ണ | ലിററർ | 132.50 | 145.00 | 146.25 | 0.86 | 10.38 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.93 | 114.13 | 119.35 | 4.57 | 20.64 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 101.61 | 124.96 | 128.66 | 2.96 | 26.62 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 188.57 | 226.91 | 238.15 | 4.95 | 26.29 |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **100.70** | **99.70** | **99.36** | **-0.34** | **-1.33** |
| 2 | മുളക് | കിലോഗ്രാം | **190.04** | **195.54** | **191.92** | **-1.85** | **0.99** |
| 3 | ഉള്ളി | കിലോഗ്രാം | **158.57** | **102.45** | **87.29** | **-14.80** | **-44.95** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **148.30** | **169.02** | **168.06** | **-0.57** | **13.32** |
| 5 | ജീരകം | 100 ഗ്രാം | **29.86** | **30.00** | **29.96** | **-0.13** | **0.33** |
| 6 | കടുക് | 100 ഗ്രാം | **9.50** | **10.07** | **10.10** | **0.30** | **6.32** |
| 7 | ഉലുവ | 100 ഗ്രാം | **9.93** | **10.48** | **10.57** | **0.86** | **6.45** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.79** | **18.82** | **18.83** | **0.05** | **0.21** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **21.05** | **15.63** | **14.89** | **-4.73** | **-29.26** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **405.10** | **382.12** | **382.98** | **0.23** | **-5.46** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **31.59** | **32.45** | **31.14** | **-4.04** | **-1.42** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **27.17** | **24.20** | **23.28** | **-3.80** | **-14.32** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **38.61** | **55.25** | **50.08** | **-9.36** | **29.71** |
| 4 | ചേമ്പ് | കിലോഗ്രാം | **51.55** | **48.44** | **46.20** | **-4.62** | **-10.38** |
| 5 | ബീററൂട്ട് | കിലോഗ്രാം | **52.46** | **45.84** | **39.32** | **-14.22** | **-25.05** |
| 6 | കാരററ് | കിലോഗ്രാം | **64.14** | **74.52** | **58.83** | **-21.05** | **-8.28** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **128.48** | **65.79** | **43.23** | **-34.29** | **-66.35** |
| 2 | വഴുതന | കിലോഗ്രാം | **42.09** | **35.05** | **36.06** | **2.88** | **-14.33** |
| 3 | മത്തങ്ങ | കിലോഗ്രാം | **25.82** | **24.59** | **21.99** | **-10.57** | **-14.83** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **25.05** | **22.75** | **24.62** | **8.22** | **-1.72** |
| 5 | വെണ്ടക്ക | കിലോഗ്രാം | **41.41** | **30.77** | **37.09** | **20.54** | **-10.43** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **53.02** | **40.73** | **43.82** | **7.59** | **-17.35** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **54.88** | **43.94** | **45.99** | **4.67** | **-16.20** |
| 8 | കാബേജ് | കിലോഗ്രാം | **37.39** | **43.21** | **31.82** | **-26.36** | **-14.90** |
| 9 | പാവയ്ക്ക | കിലോഗ്രാം | **51.18** | **50.34** | **44.11** | **-12.38** | **-13.81** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **27.55** | **21.02** | **19.92** | **-5.23** | **-27.70** |
| 11 | പടവലങ്ങ | കിലോഗ്രാം | **36.75** | **36.25** | **32.97** | **-9.05** | **-10.29** |
| 12 | തക്കാളി | കിലോഗ്രാം | **29.64** | **27.57** | **27.90** | **1.20** | **-5.87** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.46** | **5.86** | **5.40** | **-7.85** | **-1.10** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **39.61** | **31.59** | **27.61** | **-12.60** | **-30.30** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **35.57** | **29.34** | **28.60** | **-2.52** | **-19.60** |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2019 | നവംബർ 2020 | ഡിസംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | **67.50** | **49.23** | **45.38** | **-7.82** | **-32.77** |
| 2 | മുസമ്പി | കിലോഗ്രാം | **81.76** | **76.02** | **75.19** | **-1.09** | **-8.04** |
| 3 | മാതളം | കിലോഗ്രാം | **102.08** | **146.04** | **194.90** | **33.46** | **90.93** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **117.78** | **132.78** | **135.30** | **1.90** | **14.88** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **47.93** | **38.59** | **35.78** | **-7.28** | **-25.35** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **30.52** | **28.09** | **27.13** | **-3.42** | **-11.11** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **45.68** | **59.32** | **57.23** | **-3.52** | **25.28** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.13** | **50.19** | **49.90** | **-0.58** | **1.57** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **30.70** | **27.82** | **27.36** | **-1.65** | **-10.88** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **113.33** | **125.83** | **122.00** | **-3.04** | **7.65** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **29.89** | **21.96** | **18.07** | **-17.71** | **-39.54** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **78.51** | **101.67** | **99.29** | **-2.34** | **26.47** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **65.00** | **74.63** | **70.00** | **-6.20** | **7.69** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **21.29** | **21.29** | **0.00** | **6.45** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **24.61** | **25.86** | **25.77** | **-0.35** | **4.71** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **515.25** | **517.00** | **0.34** | **4.44** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **387.88** | **445.95** | **438.19** | **-1.74** | **12.97** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **382.57** | **440.07** | **432.21** | **-1.79** | **12.98** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **47.22** | **52.60** | **57.46** | **9.24** | **21.69** |